# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ.ജി, ന്യായാധികാരി
## 2025 -മാണ്ട് ഡിസംബർ മാസം 29-)o തീയതി

# CMP 791/2025 IN MC 16/2018

ഹർജിക്കാരി : സാജിതാമോൾ.എം, 46 വയസ്, W/o. ഷാജി.വൈ,
ആയന്റെ കളത്തിൽ, തോട്ടപ്പള്ളി മുറി,
പുറക്കാട് വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ
നിലവിൽ താമസം : ആനക്കുളത്തിൽ വീട്,
കാട്ടുപുറം വെളിയിൽ, വണ്ടാനം മുറി,
അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്,
അമ്പലപ്പുഴ വടക്ക് വില്ലേജ്, വണ്ടാനം പി.ഒ,
ആലപ്പുഴ – 688 005
(പ്രതിനിധീകരിക്കുന്നത് അഡ്വ. ഹമീദ് മാന്തളശ്ശേരിൽ)

എതൃകക്ഷി : ഷാജി.വൈ , 57 വയസ്, S/o. യൂസഫ്,
വാടിയിൽ ഹൗസ്, ലജനത്ത് വാർഡ്, ആലപ്പുഴ
നിലവിൽ താമസം : ബ്ലോക്ക് നമ്പർ-4,
ക്വാർട്ടേഴ്സ് നമ്പർ -12,
പോലീസ് ഹൗസിംഗ് കോംപ്ളക്സ്, കോമ്പാറ,
എറണാകുളം
(പ്രതിനിധീകരിക്കുന്നത് അഡ്വ. ബിജിലി ജോസഫ്)

## ഉത്തരവ്

1. ഹർജിക്കാരി ഹാജർ ഇല്ല. പ്രതിനിധീകരിച്ചു. എതൃകക്ഷി ഹാജർ. പ്രതിനിധീകരിച്ചു.
2. ഇരുകക്ഷികളുടെയും വാദം വിശദമായി കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.
3. ഈ കേസിലെ ഹർജിക്കാരി അസ്സൽ ഹർജിയിലെ (MC.16/2018) ഹർജിക്കാരിയും ഈ കേസിലെ എതൃകക്ഷി അസ്സൽ ഹർജിയിലെ എതൃകക്ഷിയുമാണ്. പ്രസ്തുത ഹർജിയിൽ ഹർജിക്കാരിയെ *re-call* ചെയ്തു വിസ്തരിച്ച് രേഖകൾ അടയാളപ്പെടുത്താനാണ് ഹർജിഭാഗം ആവശ്യപ്പെട്ടിരിക്കുന്നത്. കേസിലെ റെക്കോർഡുകൾ പരിശോധിച്ചതിൽ നിന്നും ഹർജിക്കാരിയെ PW1 ആയി 02.07.2025 തീയതിയിൽ മുഖ്യവിസ്താരം ചെയ്യുകയും ശേഷം അന്നു തന്നെ

ഗ്രാമന്യായാലയ
പിൻ 688 003



എതൃകക്ഷിയുടെ അഭിഭാഷകൻ എതിർവിസ്താരം ചെയ്തിട്ടുള്ളതും തുടർന്ന് 09.07.2025, 19.07.2025 തീയതികളിൽ PW1 നെ എതിർവിസ്താരം ചെയ്തിട്ടുള്ളതും തുടർന്ന് 15.11.2025 തീയതിയിൽ PW1 നെ CMP.749/2025 ലെ ആവശ്യം പരിഗണിച്ച *re-call* ചെയ്ത് ഒന്നുകൂടി മുഖ്യവിസ്താരം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ഹർജിക്കാരി ആദ്യം ഫയൽ ചെയ്ത സാക്ഷിപ്പട്ടികയിലെ ഒന്നും രണ്ടും സാക്ഷികളെ PW3 ആയും PW2 ആയും വിസ്തരിച്ചിട്ടുള്ളതാണ്. MC.16/2018 കേസിൽ ഹർജിക്കാരിയുടെ നിവർത്തികൾ 2005 ലെ ഗാർഹികപീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമത്തിലെ സെക്ഷൻ 18 പ്രകാരമുള്ള സംരക്ഷണ ഉത്തരവ്, സെക്ഷൻ 19 പ്രകാരമുള്ള താമസ ഉത്തരവ്, സെക്ഷൻ 20 പ്രകാരമുള്ള പണ-പരിപാലന ഉത്തരവ്, സെക്ഷൻ 22 പ്രകാരമുള്ള നഷ്ടപരിഹാര ഉത്തരവ്, ഹർജിക്കാരിയുടെ വസ്തുങ്ങളും സർട്ടിഫിക്കറ്റുകളും തിരികെ നൽകാൻ എതൃകക്ഷിയോട് നിർദ്ദേശിക്കുക മുതലായവ ഉൾപ്പെടുന്നുവെന്ന് കാണാം. പ്രസ്തുത CMP യിൽ എതൃകക്ഷിയുടെ ശമ്പളം തെളിയിക്കാൻ കൊച്ചി സിറ്റി പോലീസ് കമ്മീഷണറിന്റെ പ്രോസീഡിങ്ങ്സ് മാർക്ക് ചെയ്യാനും എതൃകക്ഷി ആലപ്പുഴ SRO മുഖേന വിലയാധാരം മാർക്ക് ചെയ്യാനും ശ്രീഗോകുലം ചിട്ടി കമ്പനിയിൽ ഹർജിക്കാരിയുടെ പേരിലുണ്ടായിരുന്ന ചിട്ടികളുടെ ലെഡ്ജർ എക്സ്ട്രാക്റ്റുകൾ PW1 (ഹർജിക്കാരി) വഴി മാർക്ക് ചെയ്യാനുമാണ് ആവിശ്യപ്പെട്ടിരിക്കുന്നത്. MC യിലെ നിവർത്തികളും പ്രസ്തുത CMP യിലെ ആവശ്യവും പരസ്പരം ഒരുതരത്തിലും ബന്ധപ്പെട്ട് കിടക്കുന്നില്ലാത്തതും CMP യിലെ ആവശ്യം അംഗീകരിക്കത്തക്ക മതിയായ യാതൊരു വിശ്വാസയോഗ്യമായ കാരണവും ഹർജിക്കാരി കോടതി മുമ്പാകെ ബോധ്യപെടുത്തിയിട്ടില്ലാത്തതുമാണ്. ഈ കേസ് അഞ്ച് വർഷത്തിലേറെയായി പഴക്കമുള്ള കേസാണ്. കൂടാതെ പ്രസ്തുത MC സമയബന്ധിതമായി 26.01.2026 തീയതിക്ക് മുമ്പായി തീർക്കണം എന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതും ഈ കോടതിയിൽ MC.16/2018 ന്റെയും *joint trial* ന് എടുത്തിട്ടുള്ള കേസുകളുടെയും വിസ്താര നടപടികൾ ദൈനംദിനം എടുത്തു പോകുകയുമാണ്. മേൽസാഹചര്യത്തിൽ MC യിലെ നിവർത്തികളുമായി യാതൊരു ബന്ധവും ഇല്ലാത്ത കാര്യങ്ങൾക്കായി PW1 നെ രണ്ടാമതും *re-call* ചെയ്ത് വിസ്തരിക്കേണ്ടുന്ന ആവിശ്യമില്ലാത്തതാണ്. അല്ലാത്തപക്ഷം സമയബന്ധിതമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദേശം അനുസരിച്ചുള്ള തീയതിക്കുള്ളിൽ MC.16/2018

തീർപ്പാക്കാൻ സാധിക്കാതെവരും. നിലവിൽ MC.16/2018 ൽ ഹർജിഭാഗത്തിന്റെ തെളിവെടുപ്പ് പൂർത്തീകരിച്ചശേഷം എതൃകക്ഷിയുടെ തെളിവിനായി പോസ്റ്റ് ചെയ്യതിരിക്കുകയാണ്. ആയതിനാൽ മേൽ പറഞ്ഞ സാഹചര്യങ്ങളിൽ ഹർജിക്കാരി ഫയൽ ചെയ്ത ഈ ഹർജി (CMP.791/2025) നിലനിൽക്കത്തക്കതല്ല എന്ന് ഈ കോടതിക്ക് ബോധ്യം വന്നിരിക്കുന്നതിനാൽ പ്രസ്തുത ഹർജി തള്ളി ഉത്തരവ് ആയിരിക്കുന്നു.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 ഡിസംബർ മാസം 29 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

ഗ്രാമന്യായാലയ, അമ്പലപ്പുഴ, പിൻ 688 003

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**